പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 349 — 25.04.2017 -ൽ മറുപടിക്ക്.

## ഹോട്ടലുകളിൽ ഭക്ഷ്യവസ്തുക്കൾക്ക് ഏകികൃത നിരക്ക് ഏർപ്പെടുത്താൻ നടപടി

ചോദ്യം

**ശ്രീ.രാജു എബ്രഹാം**

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷ്യവസ്തുക്കൾക്ക് ഏകീകൃത നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; പല ഹോട്ടലുകളിലും ഒരേ ഭക്ഷ്യവസ്തുവിന് പല വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷ്യവസ്തുക്കൾക്ക് ഏകികൃത നിരക്ക് നിശ്ചയിച്ചിട്ടില്ല. എന്നാൽ അവശ്യ സാധനങ്ങളുടെയും മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധനവിന് ആനുപാതികമായി ഹോട്ടലുകളിൽ ഒരേ ഭക്ഷണത്തിന്റെ വിലയിൽത്തന്നെ നേരിയ വ്യത്യാസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) ഭക്ഷ്യവസ്തുക്കളുടെ ഏകികൃത നിരക്ക് ഹോട്ടലുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിനും അമിത നിരക്ക് ഈടാക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നിലവിലെ നിയമം അനുസരിച്ച് ഹോട്ടൽ ഭക്ഷണത്തിന്റെ വില വിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് ഉറപ്പ് വരുത്താനായും വില വിവരപ്പട്ടികയിൽ പ്രദർശിപ്പിച്ചിരിക്കുന്നതിൽ കൂടുതൽ വില ഭക്ഷണ സാധനങ്ങൾക്ക് ഈടാക്കുന്നുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കുന്നതിനുമായി പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും റവന്യൂ, ലീഗൽ മെട്രോളജി എന്നീ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ Kerala Food Stuffs (Display of Prices by Catering Establishments) Order, 1977 ലെയും 1980 ലെയും Kerala Essential Commodities (Maintenance of Accounts and Display of Prices and Stocks) Order എന്നിവ പ്രകാരവും ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സർക്കാർ നിയന്ത്രണത്തിൽ ന്യായവില ഹോട്ടലുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ ?

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ ഗൗരവപൂർവ്വം ആലോചിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ